ഭരണഭാഷ – മാതൃഭാഷ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം

**dtekerala@gmail.com**

**0471 2561307**

<u>നടപടിക്രമം</u>

സാങ്കേതിക വിദ്യാഭ്യാസം – ജീവനക്കാര്യം - കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിങ് വിഭാഗത്തിലെ **QIP** ഡെപ്യൂട്ടേഷൻ പൂർത്തീകരിച്ചു വരുന്ന അസിസ്റ്റൻറ് പ്രൊഫസർ തസ്തികയിലെ ജീവനക്കാർക്ക് പുനർനിയമനം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

---

ജീവനക്കാര്യം ( എ) വിഭാഗം

നം. **DTETVM/3569/2025-EA5** തിരുവനന്തപുരം, തീയതി : **01-07-2025**

---

വായനഃ-
1. **G.O. (Rt) No. 1026/2022/HEDN** തീയതി **07.07.2022.**
2. ശ്രീമതി മൃദുല ടി വി യുടെ **17.04.2025** ലെ അപേക്ഷ.
3. ശ്രീമതി മീര എം ൻറെ **16.06.2025** ലെ അപേക്ഷ.
4. ശ്രീ ജിനേഷ് ജോസ് ൻറെ **17.06.2025** ലെ അപേക്ഷ.

<u>ഉത്തരവ്</u>

വായന **(1)** പ്രകാരം വകുപ്പിന് കീഴിലുള്ള സർക്കാർ എഞ്ചിനീയറിങ് കോളേജുകളിലെ കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിങ് വിഭാഗം അസിസ്റ്റൻറ് പ്രൊഫസർമാരായ ശ്രീമതി. മൃദുല ടി വി, ശ്രീ. ജിനേഷ് ജോസ്, ശ്രീമതി. മീര എം എന്നിവരെ **QIP (Quality Improvement Programme)** യുടെ ഭാഗമായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഉപരിപഠനത്തിന് നിയോഗിക്കുകയും അതിനെ തുടർന്ന് സ്ഥാപനങ്ങളിൽ നിന്നും യഥാസമയം വിടുതൽ ചെയ്യുകയും ചെയ്തിരുന്നു.

വായന **(2), (3), (4)** പ്രകാരം, ശ്രീമതി മൃദുല ടി വി, ശ്രീ ജിനേഷ് ജോസ്, ശ്രീമതി മീര എം എന്നിവർ, തങ്ങൾ **QIP** ഡെപ്യൂട്ടേഷൻ പൂർത്തീകരിക്കുന്ന സാഹചര്യത്തിൽ വകുപ്പിലേക്ക് പുനർനിയമനം നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

ഈ സാഹചര്യത്തിൽ വകുപ്പിന് കീഴിലെ കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിങ് വിഭാഗം അസിസ്റ്റൻറ് പ്രൊഫസർമാരായ മേൽപ്പറഞ്ഞ ജീവനക്കാരെ ചുവടെ പറയും പ്രകാരം അവരുടെ പേരിനു നേരെ സൂചിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളിലേക്ക് പുനർനിയമനം നല്കി ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര് | PEN | പുനർനിയമനം നൽകുന്ന സ്ഥാപനം |
|---|---|---|---|
| 1 | ശ്രീമതി മൃദുല ടി വി | 841027 | സർക്കാർ എഞ്ചിനീയറിങ് കോളേജ്, കണ്ണൂർ |
| 2 | ശ്രീ ജിനേഷ് ജോസ് | 744590 | സർക്കാർ എഞ്ചിനീയറിങ് കോളേജ്, ഇടുക്കി |
| 3 | ശ്രീമതി മീര എം | 874516 | സർക്കാർ എഞ്ചിനീയറിങ് കോളേജ്, ഇടുക്കി |

മേൽപ്പറഞ്ഞ ജീവനക്കാർ ഡെപ്യൂട്ടേഷൻ കാലയളവ് അവസാനിക്കുന്ന മുറക്ക് ബന്ധപ്പെട്ട സ്ഥാപനമേധാവികളുടെ മുമ്പാകെ ഹാജരായി ജോലിയിൽ പ്രവേശിക്കേണ്ടതാണ്. സ്ഥാപനമേധാവികൾ ടി ജീവനക്കാർ കോഴ്സ് പൂർത്തീകരിച്ചതായുള്ള സാക്ഷ്യപത്രം പരിശോധിച്ച് ജീവനക്കാർക്ക് പുനഃപ്രവേശനം അനുവദിക്കേണ്ടതും ചേരുംകാലം യഥാസമയം ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

**JAYAPRAKASH P**

**DIRECTOR(INCHARGE)**

സ്വീകർത്താവ്,

1. പ്രിൻസിപ്പാൾ, സർക്കാർ എഞ്ചിനീയറിങ് കോളേജ്, കണ്ണൂർ.
2. പ്രിൻസിപ്പാൾ, സർക്കാർ എഞ്ചിനീയറിങ് കോളേജ്, ഇടുക്കി.
3. അക്കൌണ്ടൻറ് ജനറൽ (A&E), തിരുവനന്തപുരം.
4. ബന്ധപ്പെട്ട ജീവനക്കാർ
5. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

Signed by
Jayaprakash P
Date: 01-07-2025 22:22:21